# ഹൃദയഹാരിയായ ഓന്ത്

എസ്.ജോസഫ്.

ഭൂമിയിലെ ഏറ്റവും നിസ്സാരമായ ജീവിക്കു പോലും ജീവിത കല എന്ന പ്രതിഭാസത്തിൽ പ്രധാനസ്ഥാനമുണ്ട്. നാം ജീവിക്കുന്ന ഈ ഭൂമിയിൽ നമുക്ക് ഏറെ പരിചിതരായി നമ്മുടെ കൂട്ടുകാരായി അവ വാഴുന്ന എന്നതാണ് സത്യം.അരണ,ഓന്ത് എന്നീ രണ്ടു ജീവികളുടെ കാര്യമെടുക്കുക.പറമ്പിൽ,ഇടവഴികളിൽ,പൊന്തകാടുകളിൽ,വാച്ചിലിൽ,പുരയിൽ,കയ്യാലയിൽ ഒക്കെ ഇവയുണ്ട്.എന്നാൽ നമുക്ക് ഈ ജീവികളെ കുറിച്ചുള്ള ധാരണ എന്താണ്? അരണയ്ക്ക് ഒരു നല്ല ജീവിയുടെ സ്ഥാനവും ഓന്തിന് ദുഷ്ടനായ വെറുക്കപ്പെടേണ്ട ജീവിയുടെ സ്ഥാനവുമാണ് നല്കിയിരിക്കുന്നത്.ദൈവത്തിന് അരണ വെള്ളം കൊടുത്തു എന്നും ഓന്ത് മൂത്രമൊഴിച്ചു കൊടുത്തു എന്നും പറയാറുണ്ട്.ചെറുപ്രായത്തിൽ നാം പഠിക്കുന്ന ഒരു പാഠം ഓന്ത് നമ്മുടെ ചോര കുടിക്കുമെന്നാണ്.കയ്യാലയിലോ,ചെറിയ വള്ളി പടർപ്പിനിടയിലോ അനങ്ങാതിരിക്കുന്ന ഓന്തിനെ നാം കാണുന്നു.അത് ശ്വസിക്കുക മാത്രമേ ചെയ്യുന്നുള്ളൂ.അപ്പോഴാണ് ചോര കുടിക്കുക എന്ന വിശ്വാസം.

ഈ കഥകളിൽ നിന്ന് ഓന്തിനെയും അരണയെയും കുറിക്കുന്ന മൂല്യ സങ്കല്പങ്ങളിൽ നിന്ന് ഇവയെ മോചിപ്പിക്കാനാവുമോ?

നിറം മാറാൻ കഴിവുള്ള,പരിസരബോധമുള്ള മനുഷ്യരെ ആരെയും ഉപദ്രവിക്കാത്ത, ജീവിതത്തിന്റെ പ്രധാനസ്ഥലങ്ങളിലൊന്നും വന്നെത്താത്ത സ്വാഭാവിക പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്ന പാവം ജീവിയെ എന്തിനാണ് നമ്മൾ വെറുക്കുന്നത്.യഥാർത്ഥത്തിൽ ഓന്ത് ഒരു കലാകാരനല്ലേ?നിറങ്ങളുടെ കലാകാരനെ നാം ചിത്രകാരൻ എന്നു വിളിക്കുന്നു. എണ്ണിയാലൊടുങ്ങാത്തതാണ് നിറങ്ങൾ.ഓരോ നിറത്തിലും അനന്തഭേദങ്ങൾ ഉണ്ട്.ഒരു ചിത്രകാരൻ മൗലികമായി തന്റെ നിറങ്ങളെ കണ്ടെത്തുന്നു.ഒരേ നിറങ്ങളുടെ ലോകത്ത് നിന്ന് തന്റേതായ നിറങ്ങൾ കണ്ടെത്തുന്നു.ഓന്ത് ചിത്രം വരയ്ക്കാറില്ല.പക്ഷെ പ്രകൃതിയ്ക്കനുസരിച്ച് നിറം മാറാനുള്ള കഴിവതിനുണ്ട്.A chameleon in a state of grace എന്ന Edit de AK എഴുതിയ ഫ്രാൻസിസ്കോ ക്ലെമന്റേ (Francisco clemente ജനനം 1952) യെ കുറിച്ചുള്ള ലേഖനം വായിച്ചപ്പോഴാണ് മേല്പറഞ്ഞ ചിന്തയിലേക്ക് ഞാൻ ചെന്നെത്തുന്നത്.ആർട്ട് ഫോറത്തിൽ വന്ന ഈ ലേഖനം വളരെ കട്ടിയായ ആലങ്കാരിക ഭാഷയിൽ എഴുതിയതാണ്. അതിലെ ഒരു ഭാഗത്തിന്റെ ഏകദേശ വിവർത്തനം ഇവിടെ പ്രസക്തമെന്നു കരുതി കൊടുക്കുകയാണ്.

''പതാകകൾ,ചിഹ്നങ്ങൾ,മുദ്രവാക്യങ്ങൾ,സ്ഥാനമുദ്രകൾ എന്നിവയെ വ്യാപകമായി ഉപയോഗിക്കുക വഴി ക്ലെമന്റേ തനിമ എന്ന ആശയത്തെ ചുരുക്കിയെടുത്ത് നിർമ്മിക്കുകയാണ്. ഇത്തരം മോട്ടിഫുകളുടെ (Motifs) തിരഞ്ഞെടുപ്പ് ഒട്ടും യാദൃച്ഛികമല്ല.അവയുടെ പ്രഖ്യാപിത സ്വഭാവം ക്ലെമന്റേയെ പ്രചോദിപ്പിച്ചതായി തോന്നുന്നു.സർഗാത്മകമായ അതിഭൗതികത ഉപയോഗിച്ച് സ്ഥാനമുദ്രകളെ അവയുടെ സ്ഥാപിതമായ ദൃശ്യ മൂല്യത്തിൽ നിന്ന് മോചിപ്പിച്ച് കൊണ്ട് (ഒരു പെയ്ന്റിംഗ് ആകുന്നതു പോലെ) അതിന് കലാപരമായ ഒരു പുതിയ പദവി നൽകുകയും അതു വഴി അതിനെ ഊർജ്ജവത്കരിക്കുകയുമാണ് ചെയ്യുന്നത്.ക്ലെമന്റേയുടെ ചിത്ര സ്ഥലത്ത് പ്രവേശിക്കുന്ന ഈ പരമ്പരാഗത ചിത്രങ്ങൾ അർത്ഥത്തിന്റെ അധികമാനം ആർജിക്കുന്നു. അവയുടെ പ്രസക്തി വർദ്ധിക്കുന്നു.''

ഓന്തിനെ അതിന്റെ പരമ്പരാഗതമായ അർത്ഥം കളഞ്ഞ് നിഷ്കളങ്കതയുടേയും പ്രകൃതിയിലെ ഒരു കലാകാരന്റെയും നമ്മുടെ പരിസ്ഥിതിയുടെ ഒഴിവാക്കാനാവാത്ത ഒരു ജീവിയുടേയും അധികപ്രസക്തിയോടെ നമുക്ക് കാണാൻ കഴിഞ്ഞെങ്കിൽ! ഓന്തു മാത്രമല്ല ഒരു കാരണവുമില്ലാതെ നാം പല്ലിയെ നികൃഷ്ടജീവിയായ് കാണുന്നു.പാമ്പിനെ ക്രൂരനായി കാണുന്നു.കടുവയെ ക്രൂരതയായും മാനിനെ നിഷ്കളങ്കതയായും കാണുന്നു.നമ്മുടെ സങ്കല്പത്തിൽ പഴതാരയെ കൊല്ലുന്നു.കാക്കയെ സുന്ദരമായി കാണുന്നില്ല.മൈനയെ കുറിച്ചും കുയിലിനെ കുറിച്ചും പാട്ടുകളെഴുതുന്നു.

നൂറ്റാണ്ടുകളിലെ ജീവിതാനുഭവങ്ങളും മനുഷ്യരുടെ സാധാരണ വ്യവഹാരങ്ങളുമാകാം ഈ ജീവജാലങ്ങളെ കുറിച്ച് മനുഷ്യന് ഇത്തരം മുൻവിധികളുണ്ടാകാൻ കാരണമാകുന്നത്.എന്നാൽ പുതിയ കലാകാരൻ കവി ഇതിനെ പുതിയ പശ്ചാത്തലത്തിൽ വിന്യസിച്ചെന്നിരിക്കും.വായനക്കാരന് ഇഷ്ടമുള്ള അർത്ഥം എടുക്കാം.ചിത്രകാരനും കവിയും ഇഷ്ടപ്പെടുന്ന വസ്തുക്കളെ കുറിച്ച് ഇഷ്ടമുള്ള അർത്ഥം വിചാരിക്കുകയുമാവാം.